തയ്യാറാക്കി വരികയാണ്. ഇതിൽ എം.സി. റോഡിലെ പന്തളം-കാരക്കാട്-മാന്തുക-കളനട ഭാഗവും ഉൾപ്പെടുന്നുണ്ട്. ഡി.പി.ആർ ലഭ്യമായാൽ ലോകബാങ്കിന്റെ അംഗീകാരം വാങ്ങി നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ഈ പ്രവൃത്തിയോടൊപ്പം റോഡ് സുരക്ഷാക്രമീകരണങ്ങൾ ചെയ്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(14) കരമന-കളിയിക്കാവിള റോഡ് വികസനം

ശ്രീ. ആർ. സെൽവരാജ് : സർ, ദേശീയപാത 47 കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ ആദ്യഘട്ട പണി പാപ്പനംകോട് മുതൽ പ്രാവച്ചമ്പലംവരെ നടന്നുവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ജില്ലയിലെ മന്ത്രിയെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുമൊക്കെ മുൻകയ്യെടുത്താണ് ഈ പണി ആരംഭിച്ചത്. അതിനാൽ ഇവരെ ആദ്യമായി അഭിനന്ദിക്കുകയാണ്. തുടർന്നുവരുന്ന വഴിമുക്കുവരെയുള്ള ഭാഗവും കളിയിക്കാവിള വരെയുള്ള ഭാഗവും പണി ആരംഭിക്കേണ്ടതായിട്ടുണ്ട്. ആ റോഡിലൂടെ സഞ്ചരിക്കുന്നവരുടെ അവസ്ഥ വളരെ ദയനീയമാണ്. ഈ പണി ആരംഭിക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിന്റെ വാല്യുവേഷൻ നിശ്ചയിക്കുന്നതിനും അടിയന്തരമായി നടപടിയെടുക്കേണ്ടതായിട്ടുണ്ട്. മാത്രവുമല്ല തുടർന്നുള്ള പണികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ഇതുയും കാര്യങ്ങൾ അടിയന്തരമായി ചെയ്തുതീർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കരമന-കളിയിക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. 29 കി.മീ. ദൂരംവരുന്ന ഈ റോഡ് രണ്ട് ഘട്ടമായി വികസിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഒന്നാംഘട്ടത്തിന്റെ ആദ്യ റീച്ചായ കരമന മുതൽ പ്രാവച്ചമ്പലംവരെയുള്ള 5.5 കി.മീ. ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇവിടത്തെ സ്ഥലമെടുപ്പിനായി 285 കോടി രൂപ ചെലവായി. നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള 74.53 കോടി രൂപയുള്ള കരാർ ശ്രീധന്യ കൺസ്ട്രക്ഷൻസ് കമ്പനി ഏറ്റെടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. വരുന്ന ഭാഗത്ത് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5.5 കിലോമീറ്ററിന്റെ സ്ഥലമെടുപ്പ് നടപടികൾക്കുവേണ്ട സർവ്വേ പൂർത്തിയാക്കി ഡ്രാഫ്റ്റ് ഡിക്ലറേഷൻ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ബാക്കിവരുന്ന ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഒരു കി.മീ. ഭാഗത്ത് സ്ഥലമെടുപ്പിനായി 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെ സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 300 കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക അടുത്തവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(15) അവയവദാന രംഗത്തെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

ശ്രീ. എം. ഉമ്മർ : സർ, അവയവദാന രംഗത്ത് നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും എഥിക്കൽ കമ്മിറ്റി തീരുമാനമെടുക്കുന്നതിനുണ്ടാകുന്ന കാലതാമസവുംമൂലം എല്ലാ വിധത്തിലും അർഹതപ്പെട്ട കേസുകളിൽപ്പോലും യഥാസമയം അനുമതി ലഭിക്കാതെ രോഗികൾ മരണത്തിന് കീഴടങ്ങേണ്ടിവരുന്ന സ്ഥിതിവിശേഷം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. പലപ്പോഴും ബന്ധുക്കളല്ലാത്ത അൺറിലേറ്റഡ് ഡോണർമാരെ സംബന്ധിച്ച് ശസ്ത്രക്രിയയ്ക്കുള്ള അനുമതി നേടിയെടുക്കുക എന്നുള്ളത് വളരെ സങ്കീർണ്ണമാണ്. 30 പേജോളം വരുന്ന അപേക്ഷാഫോറം അവയവദാതാവും രോഗിയും ചേർന്ന് പൂരിപ്പിക്കണം, ചികിത്സിക്കുന്ന ഡോക്ടറുടേയും ആശുപത്രി അധികൃതരുടേയും സാക്ഷിപത്രങ്ങൾ വേണം, അവയവ ദാതാവും സ്വീകർത്താവും ഒരുമിച്ച് നിയമ സമിതികൾക്കുമുമ്പിൽ ഹാജരാകണം, ദാതാവിന്റേയും സ്വീകർത്താവിന്റേയും സാമ്പത്തികനില തിട്ടപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം, ജില്ലാ മജിസ്ട്രേറ്റിന്റെ അനുവാദം വാങ്ങണം. ഇത്രയും കടമ്പകൾ കടന്നാൽ മാത്രമേ അപേക്ഷകൾ എഥിക്കൽ കമ്മിറ്റിയുടെ പരിഗണനയിൽ എത്തുകയുള്ളൂ. രേഖ പരിശോധനയിൽ എന്തെങ്കിലും തെറ്റുകൾ കണ്ടാൽ വീണ്ടും അപേക്ഷ മടങ്ങുകയാണ് ചെയ്യുന്നത്. ഇതുമൂലമുണ്ടാകുന്ന ഒരുപാട് സങ്കീർണ്ണത കാരണം അർഹതപ്പെട്ട രോഗികൾക്കുപോലും ഇങ്ങനെയുള്ള അവയവദാനം നടക്കാതെ രോഗി മരണപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണ്. അവയവദാനത്തിലെ ക്രമക്കേട്, ധാർമ്മികത, അവയവ കച്ചവടം എന്നിവ നിയന്ത്രിക്കുന്ന എഥിക്കൽ കമ്മിറ്റി ഒന്നിടവിട്ട

LIBRARY ARCHIVES Kerala Legislative Assembly